(സി) വനം വകുപ്പിനാണ് വിതരണച്ചുമതല.

(ഡി) വൃക്ഷത്തൈകൾ ക്ഷേത്രോപദേശക സമിതികൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

ഭാഗവത-രാമായണ പാരായണം നടത്തുന്നവർക്ക് ക്ഷേമപദ്ധതി

235 (4859) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യമായി ഭാഗവത രാമായണ പാരായണത്തിലൂടെ ഉപജീവനം നടത്തുന്നവർക്ക് എന്തെങ്കിലും ക്ഷേമനിധിയോ പെൻഷനോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങളോ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇവ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ കഷ്ടതകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കഷ്ടത അനുഭവിക്കുന്ന ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇപ്പോൾ നിലവിലില്ല. ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ പരിശോധിക്കാവുന്നതാണ്.

കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള കോളേജുകളിലെ അദ്ധ്യാപക നിയമനം

236 (4860) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള കോളേജുകളിൽ ഈ വർഷം എത്ര അദ്ധ്യാപക തസ്തികകളിലേക്കാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; ഏതെല്ലാം വിഷയങ്ങളിലേക്കാണ് നിയമനം നടത്തിയത് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) നിയമനത്തിനായി എന്നാണ് അപേക്ഷ ക്ഷണിച്ചത് ; അപേക്ഷ ക്ഷണിക്കുന്ന സമയത്ത് ഓരോ വിഷയത്തിനും എത്ര ഒഴിവുകൾ വീതം നിലവിലുണ്ടായിരുന്നു ; എത്ര തസ്തികകൾക്കാണ് ഓരോ വിഷയത്തിനും സർക്കാർ നിയമനം നടത്തുന്നതിന് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമനരീതി എപ്രകാരമായിരുന്നു ; കേരള സർക്കാരും യൂണി വേഴ്സിറ്റിയും, യു.ജി.സി. യും നിർദ്ദേശിച്ച എന്തെല്ലാം മാനദണ്ഡങ്ങളാണ് നിയമനത്തിനായി പാലിച്ചത് ; ഇന്റർവ്യൂവിൽ മുൻഗണനയും വെയിറ്റേജും നൽകിയതിന്റെ മാനദണ്ഡം എന്താണ് ;

(ഡി) ഓരോ വിഷയത്തിനും നിയമനം നൽകിയത് ആർക്കെല്ലാം ആയി രുന്നു ; നിയമനത്തിനായി പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയുടെ കോപ്പി ലഭ്യമാ ക്കുമോ ;

(ഇ) റാങ്ക് ലിസ്റ്റ് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയതിനുശേഷം സർക്കാർ അംഗീകാരം ലഭിച്ച തസ്തികകൾക്ക് നിലവിലുള്ള റാങ്ക് പട്ടികയിൽ അവശേഷിക്കുന്നവരിൽ നിന്നും നിയമനം നടത്തുന്നതിന് കഴിയുമോയെന്ന് വ്യക്തമാക്കുമോ ;

(എഫ്) അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിൽ പറയുന്നതിൽ കൂടുതൽ ഒഴിവുകളിലേക്ക് അതേലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നിയമ തടസ്സമുള്ള കാര്യവും സമാനമായ കേസിൽ ബഹു. സുപ്രീം കോടതി വിധിയുള്ള കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ജി) കൊച്ചിൻ ദേവസ്വം ബോർഡിന്കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവന ക്കാരുടേയും നിയമനം പി. എസ്. സി.വഴി നടത്തുന്നതിന് തീരുമാനമെടു ത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 13 അദ്ധ്യാപക തസ്തികകളിലേയ്ക്കായി താഴെ പറയുന്ന വിഷയങ്ങളിലും ഒഴിവുകളിലുമാണ് നിയമനം നടത്തിയിട്ടുള്ളത്.

സംസ്കൃതം	-	2
ഹിന്ദി	-	3
കോമേഴ്സ്	-	1
ഫിസിക്കൽ എഡ്യൂക്കേഷൻ	-	1
പൊളിറ്റിക്കൽ സയൻസ്	-	1
ഇക്കണോമിക്സ്	-	3
മാത്തമാറ്റിക്സ്	-	2

(ബി) 19-7-2008-ലാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷ ക്ഷണിക്കുന്ന സമയത്ത് സംസ്കൃതം-2, ഹിന്ദി-3, പൊളിറ്റിക്സ്-2, ഇക്കണോമിക്സ്-3, മാത്സ്-2, ഫിലോസഫി-1, ഫിസിക്കൽ എഡ്യൂക്കേഷൻ-1, ഇംഗ്ലീഷ്-1, ഹിസ്റ്ററി-1 എന്നീ ഒഴിവുകൾ ഉണ്ടായിരുന്നു. സർക്കാർ അനുമതി ലഭിച്ച ഒഴിവുകൾ

LIBRARY ARCHIVES Kerala Legislative Assembly

താഴെ ചേർക്കുന്നു. പാർട്ട് ടൈം ലാ-2, ഹിന്ദി-3, സംസ്കൃതം-2, കണക്ക്-2, ഫിസിക്കൽ എഡ്യൂക്കേഷൻ-1, പൊളിറ്റിക്സ്-2, ഇക്കണോമിക്സ്-3, കോമേഴ്സ് -1, ഫിലോസഫി-1.

(സി) നിയമന രീതി കാലിക്കറ്റ് യൂണിവേഴ്സിറ്റി നിയമന വ്യവസ്ഥകൾ പ്രകാരമായിരുന്നുവെന്നും സർക്കാരും യൂണിവേഴ്സിറ്റിയും, യു. ജി. സി. യും അനുശാസിച്ചിരിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് നിയമനം നടത്തിയതെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ No. G 11/F3/725/99 ഉത്തരവിലെ അനുബന്ധം-3 പ്രകാരമാണ് വെയ്റ്റേജും മുൻഗണനയും നൽകിയിട്ടുള്ളത്.*

(ഡി) സംസ്കൃതം- ജയനിഷ. കെ., ഡോ. എ. ആർ. അനിൽകുമാർ.

കോമേഴ്സ്- ലിയ. കെ.

ഫിസിക്കൽ എഡ്യൂക്കേഷൻ- ഡോ. കെ. എസ്. രജിത്.

മാത്തമാറ്റിക്സ്- ഹരീഷ്. വി. എൻ., പ്രവാസ്. കെ.

പൊളിറ്റിക്സ്- ഡോ. സി. ആർ. പ്രമോദ്.

ഇക്കണോമിക്സ്- സൈമൺ ടി. ഡി., അനില. സി.,
ഡോക്ടർ എം. സിന്ധു.
ഹിന്ദി- ഡോ. രാജേശ്വരി. കെ., ഡോ. ആഷ രാമകൃഷ്ണൻ,
ഡോ. രാജേന്ദ്രൻ പടിഞ്ഞാറെ കാരമൽ

റാങ്ക് ലിസ്റ്റുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഉണ്ട്. ഒരു വർഷം റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനു മുമ്പ് സർക്കാരിൽനിന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് അനുവാദം കിട്ടുന്ന മുറയ്ക്ക് നിയമനം നൽകാവുന്നതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) കൊച്ചി ദേവസ്വം ബോർഡിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം പി. എസ്. സി. വഴി നടത്തുന്നതിന് തീരുമാനമെടുത്തിട്ടില്ല. കൊച്ചി ദേവസ്വം ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ നിയമനം പി. എസ്. സി. മുഖാന്തിരം നടത്തുന്നതിന് തീരുമാനിച്ചുകൊണ്ടുള്ള 2008-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ ഭരണ സർവ്വീസുകൾ സംബന്ധിച്ച് അധിക ചുമതല) ആക്ട് 1-7-2008 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മേൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ട്മെന്റ് റൂളുകൾ കൊച്ചിൻ ദേവസ്വം ബോർഡ് തയ്യാറാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly